പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 324

# 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 324

# 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

226/2010.

# 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

ആലപ്പുഴയിലെ കോമളപുരത്തെ കേരള സ്പിന്നേഴ്സ് ലിമിറ്റഡ് എന്ന സംരംഭത്തെ പുനഃസംഘടിപ്പിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി ആ സംരംഭം വിലയ്ക്കെടുക്കുന്നതിനും വേണ്ടി കൈമാറ്റം ചെയ്യുന്നതിനും അതിന്റെ ഉടമകളിൽ നിന്നും പ്രസ്തുത സംരംഭത്തിന്മേലുള്ള അധികാരവും അവകാശവും താല്പര്യവും വിലയ്ക്കെടുക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുമുള്ള

ഒരു

ബിൽ

പീഠിക.— ആലപ്പുഴയിലെ കോമളപുരത്തെ കേരള സ്പിന്നേഴ്സ് ലിമിറ്റഡ് എന്ന സംരംഭത്തെ പുനഃസംഘടിപ്പിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി ആ സംരംഭം വിലയ്ക്കെടുക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും അതിന്റെ ഉടമകളിൽ നിന്നും പ്രസ്തുത സംരംഭത്തിന്മേലുള്ള അധികാരവും അവകാശവും താല്പര്യവും വിലയ്ക്കെടുക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ആക്റ്റ്, 2010 എന്ന് പേര് പറയാം.

(2) ഇത് 2009 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "നിശ്ചിതദിവസം" എന്നാൽ 2006 സെപ്റ്റംബർ 7-ാം തീയതി എന്നർത്ഥമാകുന്നു ;

(ബി) "അധികാരപ്പെടുത്തപ്പെട്ട ആൾ" എന്നാൽ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങളുടെ മാനേജ്മെന്റ് ഏറ്റെടുക്കുന്നതിനുവേണ്ടി 1951-ലെ വ്യവസായ (വികസനവും ക്രമീകരണവും) ആക്റ്റ് (1951-ലെ 65-ാം കേന്ദ്ര ആക്റ്റ്) 18 എ എ വകുപ്പിൻകീഴിൽ നിയമിച്ചിട്ടുള്ള ആളോ ആളുടെ സംഘമോ എന്നർത്ഥമാകുന്നു ;

(സി) "ബാങ്ക്" എന്നാൽ 1934-ലെ ഭാരതീയ റിസർവ്വ് ബാങ്ക് ആക്റ്റ് (1934-ലെ 2-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു ഷെഡ്യൂൾഡ് ബാങ്കായ "ഇൻഡ്യൻ ഓവർസീസ് ബാങ്ക്" എന്നർത്ഥമാകുന്നു ;

(ഡി) "കമ്മീഷണർ" എന്നാൽ 16-ാം വകുപ്പുപ്രകാരം നിയമിച്ചിട്ടുള്ള പേയ്മെന്റ് കമ്മീഷണർ എന്നർത്ഥമാകുന്നു ;

(ഇ) "ഉടമ" എന്നാൽ ദുർബ്ബലാവസ്ഥയിലുള്ള ഒരു ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ചു പറയുമ്പോൾ, 1951-ലെ വ്യവസായ (വികസനവും ക്രമീകരണവും) ആക്റ്റ് (1951-ലെ 65-ാം കേന്ദ്ര ആക്റ്റ്) 18എ എ വകുപ്പിൻകീഴിൽ സംരംഭത്തിന്റെ മാനേജ്മെന്റ് ഏറ്റെടുക്കുന്നതിനു തൊട്ടുമുൻപ് ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ നേരിട്ടുള്ള ഉടമസ്ഥനോ, പാട്ടക്കാരനോ, കൈവശക്കാരനോ ആയ ആളോ കച്ചവടയോഗമോ എന്നർത്ഥമാകുന്നു ;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(ജി) "ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം" എന്നാൽ ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ളതും, ഒരു ദുർബ്ബലാവസ്ഥയിലുള്ള കമ്പനിയായി വ്യാവസായിക-ധനകാര്യ പുനരുദ്ധാരണ ബോർഡ് (ബി. ഐ. എഫ്. ആർ.) പ്രഖ്യാപിച്ചിട്ടുള്ളതുമായ ടെക്സ്റ്റൈൽ സംരംഭം എന്നർത്ഥമാകുന്നു ;

(എച്ച്) "നിർദ്ദിഷ്ട തീയതി" എന്നാൽ ഗസറ്റിൽ വിജ്ഞാപനംമൂലം ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളുടെ ആവശ്യത്തിലേക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതി എന്നർത്ഥമാകുന്നതും ഈ ആക്റ്റിലെ വിവിധ വ്യവസ്ഥകൾക്ക് വിവിധ തീയതികൾ നിർദ്ദേശിക്കാവുന്നതും ആകുന്നു ;

(ഐ) "സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ" എന്നാൽ 1956-ലെ കമ്പനി ആക്റ്റിൻ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) കീഴിൽ രൂപീകരിച്ചിട്ടുള്ളതും രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു ;

(ജെ) “ടെക്സ്റ്റൈൽ കമ്പനി” എന്നാൽ ഒന്നാം പട്ടികയുടെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സംരംഭത്തിന്റെ ഉടമയായി ബന്ധപ്പെട്ട ഉൾക്കുറിപ്പിനെതിരെ അതേ പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള കമ്പനി എന്നർത്ഥമാകുന്നു ;

(കെ) “സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷൻ” എന്നാൽ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ അതിന്റെ സബ്സിഡിയറിയായി രൂപീകരിച്ചിട്ടുള്ള ഒരു കമ്പനി എന്നർത്ഥമാകുന്നു ;

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1951-ലെ വ്യവസായ (വികസനവും ക്രമീകരണവും) ആക്റ്റിൽ (1951-ലെ 65-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ചിട്ടുള്ളതും ആയ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആ ആക്റ്റിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ ഈ ആക്റ്റിലോ 1951-ലെ വ്യവസായ (വികസനവും ക്രമീകരണവും) ആക്റ്റിലോ (1951-ലെ 65-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ചിട്ടില്ലാത്തതും, 1956-ലെ കമ്പനി ആക്റ്റിൽ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ചിട്ടുള്ളതും ആയ വാക്കുകൾക്കും പ്രയോഗങ്ങൾക്കും 1956-ലെ കമ്പനി ആക്റ്റിൽ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമകളുടെ അവകാശങ്ങൾ വിലയ്ക്കെടുക്കൽ

3. ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച ഉടമകളുടെ അവകാശങ്ങൾ വിലയ്ക്കെടുക്കൽ.—(1) നിശ്ചിത ദിവസത്തിൽ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭവും, അപ്രകാരം ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച് ഉടമകളുടെ അവകാശവും ഉടമാവകാശവും, അവകാശബന്ധവും, ഈ ആക്റ്റ് ഹേതുവായി സംസ്ഥാന സർക്കാരിനു കൈമാറ്റപ്പെടുകയും അതിൽ പൂർണ്ണമായി നിക്ഷിപ്തമായിത്തീരുകയും ചെയ്യുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം, അപ്രകാരം അതു നിക്ഷിപ്തമാക്കിയതിനുശേഷം ഉടൻതന്നെ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടും, നിക്ഷിപ്തമായും ഇരിക്കുന്നതാണ്.

4. നിക്ഷിപ്തമാക്കലിന്റെ സാമാന്യഫലം.—(1) 3-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിൽ എല്ലാ ആസ്തികളും അവകാശങ്ങളും, പാട്ടവസ്തുക്കളും, ഭൂമിയും, കെട്ടിടങ്ങളും, വർക്ക്ഷോപ്പുകളും, സ്റ്റോറുകളും, ഉപകരണങ്ങളും, യന്ത്രങ്ങളും, സാമഗ്രികളും ഉൾപ്പെടെയുള്ള എല്ലാ സ്ഥാവരജംഗമ വസ്തു

ക്കളും, നീക്കിയിരിപ്പുകളും, കൈയ്യിലിരിപ്പുപണവും, റിസർവ്വ് ഫണ്ടുകളും, നിക്ഷേപങ്ങളും, ബുക്കുജ്ജണവും, നിശ്ചിതദിവസത്തിന് തൊട്ടുമുമ്പ് അധികാരപ്പെടുത്തപ്പെട്ട ആളുടെ കൈവശത്തിലോ, അധികാരത്തിലോ, നിയന്ത്രണത്തിലോ ഉണ്ടായിരുന്ന അങ്ങനെയുള്ള വസ്തുക്കളിലുള്ളതോ, അങ്ങനെയുള്ള വസ്തുക്കളിൽ നിന്നുത്ഭവിക്കുന്നതോ ആയ മറ്റെല്ലാ അവകാശങ്ങളും, അവകാശബന്ധങ്ങളും, അതുമായി ബന്ധപ്പെട്ട എല്ലാ കണക്കുബുക്കുകളും രജിസ്റ്ററുകളും, ഏതുതരത്തിലുമുള്ള മറ്റെല്ലാ പ്രമാണങ്ങളും, ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതും, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ബാദ്ധ്യതകളും, കടപ്പാടുകളും കൂടി ഇതിൽ ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതുമാണ്.

(2) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിത്തീർന്ന മേൽപ്പറഞ്ഞ പ്രകാരമുള്ള എല്ലാ വസ്തുക്കളും, അപ്രകാരം നിക്ഷിപ്തമാക്കിയതുകാരണമായി, ഏതെങ്കിലും ട്രസ്റ്റ്, കടപ്പാട്, പണയപ്പെടുത്തൽ, ചാർജ്ജ്, അവകാശങ്ങൾ എന്നിവയിൽ നിന്നും അതിനെ ബാധിക്കുന്ന മറ്റെല്ലാ കുടിക്കടങ്ങളിൽ നിന്നും വിമുക്തമാക്കപ്പെടുന്നതും സ്വതന്ത്രമാക്കപ്പെടുന്നതും ഏതെങ്കിലും വിധത്തിൽ അപ്രകാരമുള്ള വസ്തുക്കളുടെ ഉപയോഗത്തെ പരിമിതപ്പെടുത്തുന്ന ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും ജപ്തിയോ, ഇൻജക്ഷനോ, ഡിക്രിയോ, ഉത്തരവോ പിൻവലിക്കപ്പെട്ടതായി കരുതേണ്ടതുമാണ്.

(3) നിശ്ചിത ദിവസത്തിനുമുൻപ്, ഏതെങ്കിലും സമയത്ത് കേന്ദ്ര സർക്കാരോ, ഒരു സംസ്ഥാന സർക്കാരോ, മറ്റേതെങ്കിലും അധികാരസ്ഥാനമോ ദുർബ്ബലാവസ്ഥയിലുള്ള ഒരു ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച് ഒരു ഉടമസ്ഥന് ഏതെങ്കിലും ലൈസൻസോ, മറ്റു പ്രമാണമോ അനുവദിച്ചിട്ടുള്ള സംഗതിയിൽ, നിശ്ചിതദിവസത്തിലും അന്നുമുതൽക്കും, അങ്ങനെയുള്ള ലൈസൻസോ, മറ്റു പ്രമാണമോ അതിൽ പരാമർശിച്ചിട്ടുള്ള ഉടമസ്ഥന്റെ സ്ഥാനത്ത്, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് അനുവദിക്കുകയുണ്ടായിരുന്നാലെന്ന പോലെ അങ്ങനെയുള്ള ലൈസൻസിലോ മറ്റ് പ്രമാണത്തിലോ അങ്ങനെയുള്ള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനെ പകരം ചേർത്തതായി കരുതേണ്ടതും, അപ്രകാരമുള്ള മറ്റു പ്രമാണമനുസരിച്ച് അപ്രകാരമുള്ള ലൈസൻസോ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭമോ, ഉടമസ്ഥന് അപ്രകാരമുള്ള ലൈസൻസോ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭമോ, കൈവശം വയ്ക്കാൻ കഴിയുമായിരുന്ന ശിഷ്ടകാലത്തേക്ക് സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ കൈവശം വയ്ക്കേണ്ടതുമാണ്.

(4) ഈ ആക്റ്റുപ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന ഏതെങ്കിലും വസ്തുവിന്റെ ഏതൊരു പണയക്കാരനും അപ്രകാരമുള്ള ഏതെങ്കിലും വസ്തുവിലോ അതിനോടനുബന്ധിച്ചോ ഏതെങ്കിലും ചാർജ്ജോ, അവകാശമോ, മറ്റ് അധികാരമോ കൈവശമുള്ള ഏതൊരാളും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള സമയത്തിനുള്ളിലും, അപ്രകാരമുള്ള പണയത്തെയോ, ചാർജ്ജിനെയോ, അവകാശത്തെയോ മറ്റ് അവകാശബന്ധത്തെയോ സംബന്ധിച്ചുള്ള അറിയിപ്പ് കമ്മീഷണർക്ക് നൽകേണ്ടതാണ്.

(5) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വസ്തുവിലെ പണയക്കാരനോ അല്ലെങ്കിൽ അപ്രകാരമുള്ള വസ്തുവിലോ, അതിനോടനുബന്ധിച്ചോ ഏതെങ്കിലും ചാർജ്ജോ, അവകാശമോ, അവകാശബന്ധമോ ഉള്ള മറ്റേതൊരാളോ അയാളുടെ അവകാശങ്ങളും, അവകാശബന്ധങ്ങളും അതനുസരിച്ച് പണയത്തുകയോ കിട്ടാനുള്ള മറ്റു തുകയോ മുഴുവനായോ ഭാഗികമായോ അങ്ങനെയുള്ള വസ്തു സംബന്ധിച്ച് ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള തുകയിൽ നിന്നു ആവശ്യപ്പെടാൻ അവകാശം ഉണ്ടായിരിക്കുന്നതാണെന്ന് സംശയനിവാരണത്തിനായി ഇതിനാൽ പ്രഖ്യാപിക്കുന്നു. എന്നാൽ അപ്രകാരമുള്ള യാതൊരു പണയപ്പെടുത്തലോ, ചാർജ്ജോ, അവകാശമോ, മറ്റു അവകാശബന്ധമോ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ ഏതെങ്കിലും വസ്തുവിനെതിരായി നടപ്പാക്കാൻ പാടില്ലാത്തതാകുന്നു.

(6) നിശ്ചിതദിവസത്തിൽ, ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച് 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച്, ടെക്സ്റ്റൈൽ കമ്പനിയാലോ, കമ്പനിക്കെതിരായോ, അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ആളാലോ ആ ആൾക്കെതിരായോ, ആരംഭിച്ചതോ, ബോധിപ്പിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും വ്യവഹാരമോ, അപ്പീലോ അല്ലെങ്കിൽ ഏതെങ്കിലും സ്വഭാവത്തിലുള്ള, മറ്റു നടപടികളോ നിലവിലുണ്ടെങ്കിൽ, ദുർബ്ബലാവസ്ഥയിലുള്ള ആ ടെക്സ്റ്റൈൽ സംരംഭം കൈമാറ്റം ചെയ്ത കാരണത്താലോ അല്ലെങ്കിൽ ആ ആക്റ്റിൽ എന്തെങ്കിലും അടങ്ങിയിരുന്നതിനാലോ അത് അവസാനിക്കുകയോ, തുടരാതിരിക്കുകയോ ഏതെങ്കിലും വിധത്തിൽ പ്രതികൂലമായി ബാധിക്കപ്പെടുകയോ ചെയ്യുന്നതല്ല. എന്നാൽ പ്രസ്തുത വ്യവഹാരമോ, അപ്പീലോ മറ്റു നടപടിയോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനാൽ തുടർന്നു കൊണ്ടുപോകുകയും നടത്തിക്കൊണ്ടുപോകുകയും നടപ്പാക്കുകയും ചെയ്യാവുന്നതാണ്.

5. ചില മുൻ ബാധ്യതകൾക്ക് ഉടമസ്ഥൻ ബാധ്യസ്ഥനാണെന്ന്.—(1) നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പുള്ള ഏതെങ്കിലും കാലയളവിൽ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന്റെ, (2)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ബാധ്യതകളല്ലാതെയുള്ള ഏതൊരു ബാധ്യതയും അപ്രകാരമുള്ള ഉടമസ്ഥന്റെ ബാധ്യതകളായിരിക്കുന്നതും അയാൾക്കെതിരായി നടപ്പാക്കേണ്ടതും എന്നാൽ സംസ്ഥാന സർക്കാരിനോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ എതിരായി നടപ്പാക്കാൻ പാടില്ലാത്തതുമാകുന്നു.

(2) (എ) ദുർബ്ബലാവസ്ഥയിലുള്ള ഒരു കമ്പനിയാണ് എന്ന് വ്യാവസായിക-ധനകാര്യപുനരുദ്ധാരണ ബോർഡ് (ബി.ഐ.എഫ്.ആർ.) പ്രഖ്യാപിച്ചതിനു ശേഷം, കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ അപ്രകാരമുള്ള സംരംഭത്തിനു നൽകിയ വായ്പകളും (അവയുടെമേലുള്ള പലിശ സഹിതം) ;

(ബി) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന് അതിനെ ദുർബ്ബലാവസ്ഥയിലുള്ള ഒരു കമ്പനിയായി വ്യാവസായിക-ധനകാര്യപുനരുദ്ധാരണബോർഡ് (ബി.ഐ.എഫ്.ആർ.) പ്രഖ്യാപിച്ചതിനു ശേഷം സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ മുൻകൂറായി കൊടുത്ത തുകയും അതിന്മേലുള്ള പലിശയും ;

(സി) ദുർബ്ബലാവസ്ഥയിലുള്ള കമ്പനിയെ, വ്യാവസായിക-ധനകാര്യപുനരുദ്ധാരണ ബോർഡ് (ബി.ഐ.എഫ്.ആർ.) അപ്രകാരമുള്ള ഒരു കമ്പനിയായി പ്രഖ്യാപിച്ചതിനു ശേഷമുള്ള ഏതെങ്കിലും കാലയളവിലേക്ക് ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിലെ ജീവനക്കാരുടെ വേതനവും ശമ്പളവും മറ്റ് തുകകളും സംബന്ധിച്ചുത്ഭവിക്കുന്ന ഏതെങ്കിലും ബാധ്യതയും നിശ്ചിത ദിവസം മുതൽ സംസ്ഥാന സർക്കാരിന്റെ ബാധ്യത ആയിരിക്കുന്നതും അങ്ങനെയുള്ള വായ്പകളോ തുകകളോ തിരിച്ചുകൊടുക്കേണ്ടതായി വരുമ്പോഴോ അങ്ങനെയുള്ള വേതനമോ ശമ്പളമോ മറ്റു തുകകളോ കൊടുക്കേണ്ടതായി വരുമ്പോഴോ സർക്കാരിനും സർക്കാരിനുവേണ്ടിയും സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ കൊടുത്തുതീർക്കേണ്ടതുമാകുന്നു.

(3) സംശയങ്ങൾ ദുരീകരിക്കുന്നതിനായി,—

(എ) ഈ വകുപ്പിലോ ഈ ആക്റ്റിലെ മറ്റേതെങ്കിലും വകുപ്പിലോ മറ്റുവിധത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച നിശ്ചിത ദിവസത്തിനു മുൻപുള്ള ഏതെങ്കിലും കാലാവധി സംബന്ധിച്ച് (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ബാധ്യതയല്ലാതുള്ള യാതൊരു ബാധ്യതയും സംസ്ഥാന സർക്കാരിനോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ എതിരായി നടപ്പാക്കപ്പെടുന്നതല്ല ;

(ബി) നിശ്ചിത ദിവസത്തിനു ശേഷം (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടില്ലാത്ത ഏതെങ്കിലും സംഗതി സംബന്ധിച്ച് പ്രസ്തുത ദിവസത്തിനുമുമ്പ് ഉണ്ടായ ഏതെങ്കിലും കാര്യമോ, അവകാശമോ, തർക്കമോ സംബന്ധിച്ച് ദുർബ്ബലാവസ്ഥയിലുള്ള ഈ സംരംഭവുമായി ബന്ധപ്പെട്ട നിശ്ചിത ദിവസത്തിനുശേഷം, ഏതെങ്കിലും കോടതിയോ ട്രൈബ്യൂണലോ, മറ്റധികാരസ്ഥാനമോ പാസ്സാക്കിയ അവാർഡോ, ഡിക്രിയോ, ഉത്തരവോ സംസ്ഥാന സർക്കാരിനോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ എതിരായി നടപ്പാക്കാവുന്നതല്ല ;

(സി) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ ഒരു ദുർബ്ബലാവസ്ഥയിലുള്ള കമ്പനിയാണെന്ന് വ്യാവസായിക-ധനകാര്യപുനരുദ്ധാരണ ബോർഡ് (ബി.എഫ്.ഐ.ആർ.) പ്രഖ്യാപിക്കുന്നതിനു മുൻപ്, അങ്ങനെയുള്ള സംരംഭമോ അതിന്റെ ഉടമസ്ഥനോ തൽസമയം പ്രാബല്യത്തിലിരുന്ന നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചതിനുള്ള യാതൊരു ബാധ്യതയും സംസ്ഥാന സർക്കാരിനോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ എതിരായി നടപ്പാക്കാവുന്നതല്ല ;

എന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

6. <u>സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് സബ്സിഡിയറി കോർപ്പറേഷനുകൾ രൂപീകരിക്കാമെന്ന്</u>.—(1) സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് അതിന് ആവശ്യമെന്ന് തോന്നുന്നപക്ഷം, 1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സബ്സിഡിയറി കോർപ്പറേഷനുകൾ രൂപീകരിക്കാവുന്നതും, ആ ആക്റ്റിൻകീഴിൽ അവ രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

(2) സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനു രേഖാമൂലമായ ഉത്തരവുവഴി, ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെയോ അതിന്റെ ഭാഗത്തെയോ ഒരു സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനിലേക്ക് കൈമാറ്റം ചെയ്യാവുന്നതും അങ്ങനെയുള്ള കൈമാറ്റം പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതുമാണ്.

(3) സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷൻ, അങ്ങനെ കൈമാറ്റം ചെയ്ത തീയതിയിലും അന്നുമുതൽക്കും 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ലൈസൻസിലോ, മറ്റുപ്രമാണത്തിലോ, അങ്ങനെയുള്ള ലൈസൻസോ, മററു പ്രമാണമൊ സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷന് അനുവദിച്ചിരുന്നാലെന്നപോലെ, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സ്ഥാനത്ത് പകരമായി ചേർത്തിട്ടുള്ളതായി കരുതപ്പെടേണ്ടതും അങ്ങനെയുള്ള ലൈസൻസോ മറ്റുപ്രമാണമോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ അവശേഷിക്കുന്ന ഏത് കാലത്തേക്ക് കൈവശം വയ്ക്കുമായിരുന്നുവോ ആ കാലത്തേക്ക് അങ്ങനെയുള്ള ലൈസൻസോ മറ്റുപ്രമാണമോ കൈവശം വയ്ക്കേണ്ടതുമാണ്.

(4) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭമോ അതിന്റെ ഏതെങ്കിലും ഭാഗമോ, ഒരു സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിന്മേൽ, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം കൊടുത്തുതീർക്കേണ്ടതായ ബാധ്യത, അവ അങ്ങനെ സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനിലേക്ക് കൈമാറ്റപ്പെട്ട ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെയോ അതിന്റെ ഭാഗത്തേയോ സംബന്ധിച്ചിടത്തോളം, അങ്ങനെയുള്ള കൈമാറ്റത്തിന്റെ തീയതിയിലും അന്നു മുതൽക്കും, അങ്ങനെയുള്ള ഏതെങ്കിലും ബാദ്ധ്യത കൊടുത്തുതീർക്കാൻ ആവശ്യപ്പെടുന്നതനുസരിച്ച് സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷൻ കൊടുത്തുതീർക്കേണ്ടതാണ്.

(5) ഈ ആക്റ്റിൽ സ്പഷ്ടമായി മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനെ സംബന്ധിച്ച് ഈ ആക്റ്റിലുള്ള പരാമർശങ്ങൾ, ഒരു സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തേയോ അതിന്റെ ഏതെങ്കിലും ഭാഗത്തേയോ, സംബന്ധിച്ച് സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനെക്കുറിച്ചുള്ള പരാമർശങ്ങളായി വ്യാഖ്യാനിക്കേണ്ടതാണ്.

7. <u>സംസ്ഥാന സർക്കാർ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറ്റം ചെയ്ത ആസ്തികളുടെ വിലയ്ക്ക് അത് ഓഹരികൾ പുറപ്പെടുവിക്കേണ്ടതാണ്.</u>—(1) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറ്റം ചെയ്യപ്പെട്ടതും അതിൽ നിക്ഷിപ്തമായതും ആയ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ആസ്തിയുടെ മൂല്യത്തിനു തുല്യമായ ഒരു തുക, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സമാവകാശമൂലധനത്തിലേക്ക് (ഇക്വിറ്റി ക്യാപിറ്റൽ) സംസ്ഥാന സർക്കാർ

നടത്തിയ അംശദായമായി കരുതേണ്ടതും, അങ്ങനെ നൽകിയ അംശദായത്തിന് സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ (ആവശ്യമാണെങ്കിൽ അതിന്റെ മെമ്മോറാണ്ടവും ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷനും ഭേദഗതി ചെയ്തശേഷം) സംസ്ഥാന സർക്കാരിന് അതിന്റെ സമാവകാശമൂലധനത്തിൽ, ഒന്നാംപട്ടികയിലെ (4)-ാം കോളത്തിൽ ദുർബ്ബലാവസ്ഥയിലുള്ള പ്രസ്തുത ടെക്സ്റ്റൈൽ സംരംഭത്തിനെതിരെയുള്ള ഉൾക്കുറിപ്പിൽ പറഞ്ഞിട്ടുള്ള തുകയ്ക്ക് തുല്യമായ മുഖവിലയുള്ള അടച്ചുതീർത്ത ഓഹരികൾ നൽകേണ്ടതുമാണ്.

(2) 25-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന സർക്കാർ ഏതെങ്കിലും ബാദ്ധ്യത ഏറ്റെടുത്തിട്ടുള്ള സംഗതിയിൽ, അവർക്ക് സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോട്, അതിന്റെ സമാവകാശമൂലധനത്തിൽ, പ്രസ്തുത ഉപവകുപ്പുപ്രകാരം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ള ബാദ്ധ്യതതുകയ്ക്ക് തുല്യമായ മുഖവിലയ്ക്കുള്ള അധിക അടച്ച തീർത്ത ഓഹരികൾ, സംസ്ഥാന സർക്കാരിന് (ആവശ്യമാണെങ്കിൽ അതിന്റെ മെമ്മോറാണ്ടവും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും ഭേദഗതി ചെയ്തതിനു ശേഷം) നൽകണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

## അദ്ധ്യായം III

## തുക നൽകൽ

8. ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമകൾക്ക് തുക നൽകൽ.—(1) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമയ്ക്ക് സംസ്ഥാന സർക്കാർ, പണമായി VI-ാം അധ്യായത്തിൽ പറയുന്ന വിധം 3-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം പ്രസ്തുത ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച് ഉടമയ്ക്കുള്ള അവകാശവും, ഉടമസ്ഥാവകാശവും, അവകാശ ബന്ധവും സർക്കാരിന് കൈമാറ്റം ചെയ്യുകയും അതിൽ നിക്ഷിപ്തമാകുകയും ചെയ്യുന്നതിന്, ഒന്നാം പട്ടികയിൽ 4-ാം കോളത്തിലെ ഉൾക്കുറിപ്പിൽ പ്രസ്തുത സംരംഭത്തിനെതിരെ പറഞ്ഞിട്ടുള്ള തുകയ്ക്ക് തുല്യമായുള്ള ഒരു തുക നൽകേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള തുകയ്ക്ക് പുറമേ സംസ്ഥാന സർക്കാർ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് നിശ്ചിത ദിവസം ആരംഭിച്ച് സംസ്ഥാന സർക്കാർ അപ്രകാരമുള്ള തുക കമ്മീഷണർക്ക് നൽകുന്ന ദിവസം വരെയുള്ള കാലയളവിലേക്ക്, ഒന്നാം പട്ടികയുടെ (4) കോളത്തിലെ ബന്ധപ്പെട്ട ഉൾക്കുറിപ്പിൽ അപ്രകാരമുള്ള ഉടമസ്ഥന് നേരെ കാണിച്ചിട്ടുള്ള തുകയ്ക്ക് പ്രതിവർഷം നാലു ശതമാനം നിരക്കിലുള്ള സാധാരണ പലിശയും പണമായി നൽകേണ്ടതാണ്.

9. വീണ്ടും തുക കൊടുക്കൽ.—(1) സംസ്ഥാന സർക്കാർ, ദുർബ്ബലാവസ്ഥയിലാണെന്ന് വ്യാവസായിക-ധനകാര്യ പുനരുദ്ധാരണ ബോർഡ് (ബി.ഐ.എഫ്.ആർ.) പ്രഖ്യാപിച്ചിട്ടുള്ളതായ സംരംഭത്തിന്റെ നടത്തിപ്പ് ഏറ്റെടുത്ത തീയതി മുതൽ ആരംഭിച്ച്, നിശ്ചിത ദിവസം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേക്ക്,

പ്രതിവർഷം ആയിരം രൂപ സംരംഭത്തിന്റെ നടത്തിപ്പ് ഏറ്റെടുത്ത വകയിൽ കൊടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം കണക്കാക്കിയ തുകയ്ക്ക് നിശ്ചിത ദിവസം ആരംഭിച്ച് സംസ്ഥാന സർക്കാർ കമ്മീഷണർക്ക് അപ്രകാരമുള്ള തുക നൽകിയ ദിവസം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേക്ക്, പ്രതിവർഷം നാലു ശതമാനം നിരക്കിൽ സാധാരണ പലിശ നൽകേണ്ടതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകളനുസരിച്ച് ഈ ടെക്സ്റ്റൈൽ കമ്പനിയെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ട തുകകൾ ആ കമ്പനിക്ക് നേരെ ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള തുകയ്ക്ക് പുറമേ ടെക്സ്റ്റൈൽ കമ്പനിക്ക് സംസ്ഥാന സർക്കാർ നൽകേണ്ടതാണ്.

## അദ്ധ്യായം IV

## ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ നടത്തിപ്പ്, മുതലായവ

10. ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ നടത്തിപ്പ്, മുതലായവ.—സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ ആ കോർപ്പറേഷൻ, രേഖാമൂലമുള്ള ഉത്തരവുമൂലം, പ്രത്യേകം പറയാവുന്ന ഏതെങ്കിലും ആൾക്കോ ദുർബ്ബലാവസ്ഥയിലുള്ള ഏത് ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ചാണോ അതിന്റെ അവകാശവും, ഉടമാവകാശവും, അവകാശബന്ധവും, 3-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കുന്നത് അപ്രകാരമുള്ള ദുർബ്ബലാവസ്ഥയിലുള്ള സംരംഭത്തിന്റെ കാര്യാദികളുടെയും ബിസിനസ്സിന്റെ പൊതുവായ മേൽനോട്ടവും ആജ്ഞാപനവും, നിയന്ത്രണവും, നടത്തിപ്പും സംബന്ധിച്ച അധികാരങ്ങൾ വിനിയോഗിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും ദുർബ്ബലാവസ്ഥയിലുള്ള സംരംഭത്തിന്റെ ഉടമസ്ഥന് വിനിയോഗിക്കുവാനും ചെയ്യുവാനും അധികാരപ്പെടുത്തപ്പെട്ട പ്രകാരമുള്ള എല്ലാ കാര്യങ്ങളും ചെയ്യാവുന്നതുമാണ്.

11. ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ നടത്തിപ്പിന്റെ ചുമതല വഹിക്കുന്ന ആളുകളുടെ മുഴുവൻ ആസ്തികൾ മുതലായവ, വിട്ടുകൊടുക്കാനുള്ള ചുമതല.—സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിൽ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ നടത്തിപ്പ് നിക്ഷിപ്തമാകുന്നതിന്മേൽ, അപ്രകാരമുള്ള നിക്ഷിപ്തമാക്കലിന് തൊട്ടുമുൻപ് അങ്ങനെ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ നടത്തിപ്പിന്റെ ചുമതല വഹിക്കുന്ന എല്ലാ ആളുകളും അവരുടെ കൈവശമുള്ള ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിക്കുന്ന മുഴുവൻ ആസ്തികളോ, അക്കൗണ്ട് ബുക്കുകളോ, രജിസ്റ്ററുകളോ മറ്റു പ്രമാണങ്ങളോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വിട്ടുകൊടുക്കുന്നതിന് ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

12. കണക്കുകൾ.—സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ 1956-ലെ കമ്പനി നിയമത്തിലെ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളനുസരിച്ച് ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

## അദ്ധ്യായം V

## ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിലെ ജീവനക്കാരെ സംബന്ധിക്കുന്ന വ്യവസ്ഥകൾ

13. ചില ജീവനക്കാർ ജോലിയിൽ തുടരുമെന്ന്.—(1) 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) തൊഴിലാളിയുടെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്നതും, നിശ്ചിത ദിവസത്തിന് തൊട്ടുമുൻപ്, ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിൽ ജോലി നോക്കിയിരുന്നതുമായ ഓരോ ആളും, നിശ്ചിത ദിവസത്തിലും അന്നുമുതൽക്കും അപ്രകാരമുള്ള ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിക്കുന്ന അവകാശങ്ങൾ ടെക്സ്റ്റൈൽ കോർപ്പറേഷനിൽ കൈമാറ്റം ചെയ്യുകയും നിക്ഷിപ്തമാക്കുകയും ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ അയാൾക്ക് അനുവദനീയമാകുമായിരുന്ന പെൻഷനും ഗ്രാറ്റ്യുവിറ്റിയും മറ്റ് കാര്യങ്ങളും സംബന്ധിച്ച അതേ അവകാശങ്ങളോടും പ്രത്യേക അവകാശങ്ങളോടും കൂടി സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു ജീവനക്കാരനായിത്തീരുന്നതും, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിലെ അയാളുടെ ജോലി യഥാവിധി അവസാനിക്കുന്നതുവരെയോ അയാളുടെ വേതനവും നിയമന വ്യവസ്ഥകളും നിബന്ധനകളും സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ യഥാവിധി മാറ്റം വരുത്തുന്നതുവരെയോ അപ്രകാരം തുടരേണ്ടതുമാണ്.

(2) 1947-ലെ വ്യാവസായികത്തർക്കങ്ങൾ ആക്റ്റിന്റെ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) അർത്ഥവ്യാപ്തിയിൽപ്പെടാത്തതും, നിശ്ചിത ദിവസത്തിന് തൊട്ടുമുൻപ് ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിൽ ജോലിനോക്കിയിരുന്നതുമായ ഓരോ ആളും, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിക്ഷിപ്തമായ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭവുമായി ബന്ധപ്പെട്ട് അപ്രകാരമുള്ള ആളെ നിയമിക്കപ്പെട്ടിരിക്കുന്നിടത്തോളം കാലം, നിശ്ചിത ദിവസത്തിലും അന്നു മുതൽക്കും സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു ജീവനക്കാരനായിത്തീരുന്നതും ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിക്ഷിപ്തമായിട്ടില്ലായിരുന്നുവെങ്കിൽ അയാൾക്ക് ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ കീഴിൽ അനുവദനീയമാകുമായിരുന്ന പെൻഷനും, ഗ്രാറ്റ്യുവിറ്റിയും മറ്റു കാര്യങ്ങളും സംബന്ധിച്ച അതേ അവകാശങ്ങളോടും പ്രത്യേകാവകാശങ്ങളോടും കൂടിയുള്ള അതേ ഉദ്യോഗ കാലാവധിയിലും അതേ വേതനത്തിലും അതേ വ്യവസ്ഥകളിലും നിബന്ധനകളിലും ഉദ്യോഗം വഹിക്കുകയോ സേവനം അനുഷ്ഠിക്കുകയോ ചെയ്യുകയും, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിലുള്ള അയാളുടെ ജോലി യഥാവിധി അവസാനിപ്പിക്കുന്നതുവരെയോ അയാളുടെ വേതനവും നിയമനവ്യവസ്ഥകളും നിബന്ധനകളും സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ യഥാവിധി മാറ്റം വരുത്തുന്നതുവരെയോ അപ്രകാരം തുടരേണ്ടതുമാണ്.

(3) 1947-ലെ വ്യാവസായികത്തർക്കങ്ങൾ ആക്റ്റിലോ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) അഥവാ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ, മറ്റു ആളുകളുടെയോ സേവനം സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറുന്നത് ഈ ആക്റ്റ് പ്രകാരമോ

തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ ഉള്ള ഏതെങ്കിലും നഷ്ടപരിഹാരത്തിന് അങ്ങനെയുള്ള ഉദ്യോഗസ്ഥനെയോ, മറ്റു ജീവനക്കാരനെയോ അർഹനാക്കുന്നതല്ലാത്തതും ഇപ്രകാരമുള്ള യാതൊരു അവകാശവാദവും ഏതെങ്കിലും കോടതിയോ ട്രൈബ്യൂണലോ മറ്റു അധികാരസ്ഥാനമോ സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

(4) സേവനം സംബന്ധിച്ച ഏതെങ്കിലും കരാറിലെ നിബന്ധനകൾ പ്രകാരമോ, മറ്റു വിധത്തിലോ ഈ ആക്റ്റിലെ വ്യവസ്ഥകൾ കാരണമായി സേവനം അവസാനിപ്പിക്കപ്പെട്ടതോ സേവനം സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനു കൈമാറ്റം ചെയ്യപ്പെട്ടതോ ആയ ഏതെങ്കിലും ആൾക്ക് അതിനെ ഒരു ദുർബ്ബലാവസ്ഥയിലുള്ള കമ്പനിയായി വ്യാവസായിക-ധനകാര്യ പുനരുദ്ധാരണ ബോർഡ് (ബി.ഐ.എഫ്.ആർ.) പ്രഖ്യാപനം നടത്തുന്നതിന് മുമ്പുള്ള ഏതെങ്കിലും കാലയളവിലേക്കുള്ള ശമ്പളത്തിന്റെയോ കൂലിയുടെയോ ഏതെങ്കിലും കുടിശ്ശികയ്ക്കോ എടുക്കാത്ത ഏതെങ്കിലും അവധി സംബന്ധമായ ഏതെങ്കിലും പണത്തിനോ ഗ്രാറ്റ്വുവിറ്റിയോ പെൻഷനോ ആയിട്ടുള്ളതല്ലാത്ത മറ്റു പണത്തിനോ അവകാശമുള്ളപ്പോൾ അങ്ങനെയുള്ള ആൾക്ക് 5-ാം വകുപ്പു പ്രകാരം സംസ്ഥാന സർക്കാർ അപ്രകാരമുള്ള ബാധ്യത ഏറ്റെടുക്കുന്നിടത്തോളമൊഴികെ, അയാളുടെ അവകാശവാദം ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥനെതിരായി നടപ്പാക്കാവുന്നതും എന്നാൽ സംസ്ഥാന സർക്കാരിനോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ എതിരായി അതു നടപ്പാക്കാവുന്നതല്ലാത്തതുമാകുന്നു.

14. <u>പ്രോവിഡന്റ് ഫണ്ടും മറ്റു ഫണ്ടുകളും.</u>—(1) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥൻ അപ്രകാരമുള്ള ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിലെ ജീവനക്കാരായ ആളുകളുടെ ഗുണത്തിനായി ഒരു പ്രോവിഡന്റ് ഫണ്ടോ, സൂപ്പർ ആനുവേഷൻ ഫണ്ടോ, ക്ഷേമനിധിയോ, മറ്റു ഫണ്ടോ ഏർപ്പെടുത്തിയിട്ടുള്ള സംഗതിയിൽ, ഈ ആക്റ്റുമൂലമോ അതുപ്രകാരമോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനു സേവനം കൈമാറ്റം ചെയ്യപ്പെട്ട ജീവനക്കാരെ സംബന്ധിച്ച പണം, നിശ്ചിത ദിവസം, അപ്രാരമുള്ള പ്രോവിഡന്റ് ഫണ്ടിലോ, സൂപ്പർ ആനുവേഷൻ ഫണ്ടിലോ, ക്ഷേമനിധിയിലോ മറ്റു ഫണ്ടിലോ ഉള്ള പണത്തിൽ നിന്നും സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനു കൈമാറ്റം ചെയ്യപ്പെട്ടതായി നിലകൊള്ളുന്നതും സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിക്ഷിപ്തമാകുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനു കൈമാറ്റം ചെയ്യപ്പെട്ട പണം ആ കോർപ്പറേഷൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ടതാണ്.

15. <u>സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷന് തൊഴിലാളികളെ കൈമാറൽ.</u>—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഈ ആക്റ്റ് പ്രകാരം ഒരു സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനു കൈമാറ്റം ചെയ്യപ്പെടുന്ന സംഗതിയിൽ, 13-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പരാമർശിക്കപ്പെട്ട ഏതൊരാളും അപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തീയതിയിലും അന്നുമുതൽക്കും ആ സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനിലെ ഒരു ജീവനക്കാരനായിത്തീരുന്നതും 13-ഉം, 14-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ, അവ സംസ്ഥാന ടെക്സ്റ്റൈൽ

കോർപ്പറേഷന്റെ ഒരു ജീവനക്കാരന് ബാധകമാകുന്നതുപോലെയും പ്രസ്തുത വകുപ്പുകളിലെ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനെ സംബന്ധിച്ച പരാമർശങ്ങൾ സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനെ സംബന്ധിച്ച പരാമർശങ്ങൾ ആയിരുന്നാലെന്ന പോലെയും അപ്രകാരമുള്ള ജീവനക്കാരന് ബാധകമായിരിക്കുന്നതുമാണ്.

## അദ്ധ്യായം VI

## പേയ്മെന്റ് കമ്മീഷണർ

16. പേയ്മെന്റ് കമ്മീഷണറുടെ നിയമനം.—ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് നൽകേണ്ടതായ തുകകൾ കൊടുത്തുതീർക്കുന്ന ആവശ്യത്തിന്, ഗസറ്റിൽ വിജ്ഞാപനംവഴി, സംസ്ഥാന സർക്കാർ അവർക്ക് യുക്തമെന്ന് തോന്നാവുന്ന പ്രകാരമുള്ള ഒരാളെ പേയ്മെന്റ് കമ്മീഷണർ ആയി നിയമിക്കേണ്ടതാണ്.

(2) സംസ്ഥാന സർക്കാരിന് കമ്മീഷണറെ സഹായിക്കുന്നതിനായി അവർക്ക് യുക്തമെന്ന് തോന്നാവുന്ന മറ്റാളുകളെ നിയമിക്കാവുന്നതും അതിന്മേൽ കമ്മീഷണർക്ക് ഈ ആക്റ്റ് പ്രകാരം താൻ വിനിയോഗിക്കേണ്ടതായ അധികാരങ്ങൾ എല്ലാമോ അവയിലേതെങ്കിലുമോ വിനിയോഗിക്കുന്നതിനായി അപ്രകാരമുള്ള ഒന്നോ, അതിലധികമോ ആളുകളെ അധികാരപ്പെടുത്താവുന്നതും വ്യത്യസ്ത അധികാരങ്ങൾ വിനിയോഗിക്കുന്നതിന് വ്യത്യസ്ത ആളുകളെ അധികാരപ്പെടുത്തേണ്ടതുമാണ്.

(3) ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്നതിന് കമ്മീഷണർ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആൾ, ആ അധികാരങ്ങൾ ഈ ആക്റ്റുമൂലം അദ്ദേഹത്തിന് അധികാരപ്പെടുത്തൽ മുഖേനയല്ലാതെ നേരിട്ട് നൽകപ്പെട്ടാലെന്നപോലെ അതേ രീതിയിലും അതേ ഫലത്തോടുകൂടിയും വിനിയോഗിക്കാവുന്നതാണ്.

(4) കമ്മീഷണറുടെ ശമ്പളവും ബത്തകളും കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും വഹിക്കേണ്ടതാണ്.

17. കമ്മീഷണർക്ക് സംസ്ഥാന സർക്കാർ പണം നൽകുന്നത്.—(1) നിർദ്ദിഷ്ട തീയതി മുതൽ മുപ്പതു ദിവസത്തിനകം സംസ്ഥാന സർക്കാർ ദുർബ്ബലാവസ്ഥയിലുള്ള സംരംഭത്തിന്റെ ഉടമസ്ഥന് നൽകുന്നതിനായി ഒന്നാം പട്ടികയിൽ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിനെതിരെ നിർദ്ദേശിച്ചിട്ടുള്ള തുകയ്ക്ക് തുല്യമായ ഒരു തുക പണമായി കമ്മീഷണർക്ക് നൽകേണ്ടതും, കൂടാതെ 8-ാം വകുപ്പ് (2)-ാം ഉപവകുപ്പും 9-ാം വകുപ്പും പ്രകാരം ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് കിട്ടേണ്ടതായ തുകകളും കൂടി കമ്മീഷണർക്ക് നൽകേണ്ടതുമാണ്.

(2) സംസ്ഥാന സർക്കാർ കമ്മീഷണറുടെ പേരിൽ ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആക്റ്റ് പ്രകാരം കമ്മീഷണർക്ക് നൽകുന്ന ഏതൊരു തുകയും അദ്ദേഹം പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും അതിനുശേഷം കമ്മീഷണർ അപ്രകാരമുള്ള അക്കൗണ്ട് കൈകാര്യം ചെയ്യേണ്ടതുമാണ്.

(3) കമ്മീഷണർ, ഈ ആക്റ്റ് പ്രകാരം പണം നൽകപ്പെട്ടിട്ടുള്ള ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച്, പ്രത്യേകം റിക്കാർഡുകൾ വച്ചുപോരേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കണക്കിൽ വരവുവച്ചിട്ടുള്ള തുകകളിന്മേലുള്ള പലിശ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമയുടെ ഗുണത്തിനുവേണ്ടി ഉപയോഗിക്കേണ്ടതാണ്.

18. <u>അവകാശവാദം കമ്മീഷണറുടെ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന്</u>.—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥനെതിരായി ഏതെങ്കിലും അവകാശവാദമുള്ള ഏതൊരാളും നിർദ്ദിഷ്ട തീയതി മുതൽ മുപ്പതു ദിവസത്തിനകം അങ്ങനെയുള്ള അവകാശവാദം കമ്മീഷണർ മുമ്പാകെ സമർപ്പിക്കേണ്ടതാണ് :

എന്നാൽ പ്രസ്തുത കാലാവധിയായ മുപ്പതുദിവസത്തിനകം അവകാശവാദം സമർപ്പിക്കുവാൻ അവകാശവാദിക്കു സാധിക്കാതെ വന്നതിനു മതിയായ കാരണമുണ്ടെന്ന് കമ്മീഷണർക്കു ബോധ്യമാവുന്നപക്ഷം, അദ്ദേഹത്തിന് വീണ്ടും ഒരു മുപ്പതു ദിവസത്തെ കാലാവധിക്കകം അവകാശവാദം സ്വീകരിക്കാവുന്നതും എന്നാൽ അതിനുശേഷം അത് സ്വീകരിക്കുവാൻ പാടില്ലാത്തതാണ്.

19. <u>അവകാശവാദങ്ങളുടെ മുൻഗണന</u>.—രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ നിന്നുളവാകുന്ന അവകാശവാദങ്ങൾക്ക് താഴെപ്പറയുന്ന തത്വങ്ങളനുസരിച്ച് മുൻഗണന ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) I-ാം വിഭാഗത്തിന് മറ്റെല്ലാ വിഭാഗത്തെക്കാളും മുൻഗണന ഉണ്ടായിരിക്കുന്നതും II-ാം വിഭാഗത്തിന് III-ാം വിഭാഗത്തെക്കാൾ മുൻഗണന ഉണ്ടായിരിക്കുന്നതും ഈ ക്രമം തുടരേണ്ടതുമാണ് ;

(ബി) V-ാം വിഭാഗമൊഴികെ, ഓരോ വിഭാഗത്തിലും പറഞ്ഞിട്ടുള്ള അവകാശവാദങ്ങൾക്കും, തുല്യമായ മുൻഗണന ഉണ്ടായിരിക്കുന്നതും അവയ്ക്ക് മുഴുവൻ തുകയും നൽകേണ്ടതുമാണ്. എന്നാൽ അങ്ങനെയുള്ള അവകാശവാദങ്ങൾ പൂർണ്ണമായി അനുവദിച്ചുകൊടുക്കുന്നതിനുള്ള തുക അപര്യാപ്തമാണെങ്കിൽ തുല്യ അനുപാതത്തിൽ അവ അനുവദിക്കേണ്ടതും അതനുസരിച്ച് പണം കൊടുക്കേണ്ടതുമാണ് ;

(സി) V-ാം വിഭാഗത്തിൽ പറഞ്ഞിട്ടുള്ള ബാദ്ധ്യതകൾ ഈടിന്മേലുള്ള വായ്പകളുടെ വ്യവസ്ഥകളും അങ്ങനെയുള്ള വായ്പകൾ തമ്മിലുള്ള മുൻഗണനയും അനുസരിച്ച്, ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള മുൻഗണനകൾക്ക് വിധേയമായി തീർക്കേണ്ടതാണ് ; കൂടാതെ

(ഡി) താഴത്തെ ഒരു വിഭാഗത്തിൽ പറഞ്ഞിട്ടുള്ള ഒരു കാര്യത്തെ സംബന്ധിച്ച് പണം നൽകുന്ന പ്രശ്നം തൊട്ടുമുകളിലുള്ള വിഭാഗത്തിൽ പറഞ്ഞിട്ടുള്ള എല്ലാ ബാദ്ധ്യതകളും തീർത്തതിനുശേഷം മിച്ചം ശേഷിക്കുന്നെങ്കിൽ മാത്രമേ ഉദിക്കുന്നുള്ളു.

20. അവകാശവാദങ്ങളുടെ പരിശോധന.—(1) 18-ാം വകുപ്പുപ്രകാരമുള്ള അവകാശവാദങ്ങൾ കിട്ടിയതിനുമേൽ, കമ്മീഷണർ രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള മുൻഗണനാക്രമത്തിൽ അവകാശവാദങ്ങൾ ക്രമപ്പെടുത്തേണ്ടതും പ്രസ്തുത ക്രമമനുസരിച്ച് അവ പരിശോധിക്കേണ്ടതുമാണ്.

(2) അവകാശവാദങ്ങളുടെ പരിശോധനയിൽ, ഈ ആക്റ്റ് പ്രകാരം കമ്മീഷണർക്ക് കൊടുത്തിട്ടുള്ള തുക താഴത്തെ ഏതെങ്കിലും വിഭാഗത്തിൽ പറഞ്ഞിട്ടുള്ള ബാദ്ധ്യതകൾ തീർക്കുന്നതിന് മതിയാകുന്നതല്ലെന്ന് അദ്ദേഹത്തിന് അഭിപ്രായമുള്ളപക്ഷം, അങ്ങനെയുള്ള താഴത്തെ വിഭാഗത്തെ സംബന്ധിച്ച ബാദ്ധ്യതകൾ പരിശോധിക്കുന്നതിന് അദ്ദേഹത്തോട് ആവശ്യപ്പെടാൻ പാടുള്ളതല്ല.

21. അവകാശവാദങ്ങൾ അനുവദിക്കലും നിരസിക്കലും.—(1) രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള മുൻഗണനയെ സംബന്ധിച്ച് അവകാശവാദങ്ങൾ പരിശോധിച്ചതിനുശേഷം കമ്മീഷണർ ഒരു തീയതി നിശ്ചയിക്കേണ്ടതും, ഓരോ അവകാശവാദിയും അയാളുടെ അവകാശവാദത്തെ സംബന്ധിച്ച തെളിവ് ആ തീയതിയിലോ അതിനു മുൻപോ ഹാജരാക്കുകയോ അല്ലാത്തപക്ഷം കമ്മീഷണർ പണം നൽകുന്ന ആനുകൂല്യത്തിൽ നിന്നും ഒഴിവാക്കപ്പെടുകയോ ചെയ്യേണ്ടതുമാണ്.

(2) അങ്ങനെ നിശ്ചയിച്ച തീയതി സംബന്ധിച്ച് പതിനാലു ദിവസത്തിൽ കുറയാതെയുള്ള നോട്ടീസ്, അനുയോജ്യമെന്ന് കമ്മീഷണർ കരുതുന്ന ഇംഗ്ലീഷ് ഭാഷയിലുള്ള ഒരു ദിനപത്രത്തിന്റെ ഒരു പതിപ്പിലും പ്രാദേശിക ഭാഷയിലുള്ള ഒരു ദിനപത്രത്തിന്റെ ഒരു പതിപ്പിലും പരസ്യപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഓരോ നോട്ടീസിലും പരസ്യത്തിൽ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനകം അവകാശവാദിയോട് തന്റെ അവകാശവാദത്തിനുള്ള തെളിവ് ബോധിപ്പിക്കുന്നതിന് ആവശ്യപ്പെടേണ്ടതുമാണ്.

(3) കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനകം തന്റെ അവകാശവാദം സംബന്ധിച്ച തെളിവ് ഹാജരാക്കാൻ വീഴ്ച വരുത്തുന്ന ഏതൊരു അവകാശവാദിയേയും കമ്മീഷണർ പണം കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(4) കമ്മീഷണർക്ക്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആവശ്യമാണെന്ന് കരുതുന്ന അന്വേഷണത്തിനുശേഷവും ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് അവകാശവാദം എതിർക്കുന്നതിനുള്ള ഒരു അവസരം നൽകുകയും, അവകാശവാദം ഉന്നയിക്കുന്ന ആളുകൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം കൊടുക്കുകയും ചെയ്തതിനുശേഷം, രേഖാമൂലമായ ഉത്തരവുവഴി അവകാശവാദം മുഴുവനായോ ഭാഗികമായോ അനുവദിക്കാവുന്നതോ നിരസിക്കാവുന്നതോ ആണ്.

(5) കമ്മീഷണർക്ക് തന്റെ സിറ്റിംഗുകൾ നടത്തുന്ന സ്ഥലമോ സ്ഥലങ്ങളോ ഉൾപ്പെടെ തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ നിന്നുണ്ടാകുന്ന എല്ലാ

കാര്യങ്ങളിലുമുള്ള തന്റെ തന്നെ നടപടിക്രമം ക്രമീകരിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതും ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അന്വേഷണം നടത്തുന്നതിനുള്ള ആവശ്യത്തിലേക്ക്, താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ 1908-ലെ സിവിൽ നടപടി നിയമപ്രകാരം (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(എ) ഏതെങ്കിലും ആളെ സമൻസയച്ചു വിളിക്കാനും ഹാജരാകാൻ നിർബന്ധിക്കാനും, അയാളെ സത്യം ചെയ്യിപ്പിച്ചു വിസ്തരിക്കാനും ;

(ബി) തെളിവായി ഹാജരാക്കാവുന്ന ഏതെങ്കിലും പ്രമാണമോ മറ്റു ലക്ഷ്യ വസ്തുവോ കണ്ടുപിടിച്ചു ഹാജരാക്കൽ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവു സ്വീകരിക്കൽ ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനായി കമ്മീഷനെ നിയമിക്കൽ.

(6) കമ്മീഷണറുടെ മുൻപാകെയുള്ള ഏതൊരു അന്വേഷണവും ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ാം വകുപ്പിന്റെയും 228-ാം വകുപ്പിന്റെയും അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന ഒരു ജുഡീഷ്യൽ നടപടിയായി കരുതേണ്ടതും, കമ്മീഷണറെ 1973-ലെ ക്രിമിനൽ നടപടി നിയമം (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 195-ാം വകുപ്പിന്റെയും XXVI-ാം അദ്ധ്യായത്തിന്റെയും ആവശ്യങ്ങൾക്ക് ഒരു സിവിൽ കോടതിയായി കരുതേണ്ടതുമാണ്.

(7) കമ്മീഷണറുടെ തീരുമാനത്തിൽ അതൃപ്തിയുള്ള ഒരു അവകാശവാദിക്ക് പ്രസ്തുത തീരുമാനത്തിനെതിരായി, ആരുടെ അധികാരപരിധിയുടെ പ്രാദേശിക അതിർത്തിക്കുള്ളിലാണോ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം സ്ഥിതി ചെയ്യുന്നത്, അങ്ങനെയുള്ള ആദ്യ വിചാരണാധികാരമുള്ള പ്രിൻസിപ്പൽ സിവിൽ കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

22. <u>അവകാശവാദികൾക്ക് കമ്മീഷണർ തുക നൽകൽ.</u>—ഈ ആക്റ്റ് പ്രകാരം ഒരു അവകാശവാദം അനുവദിച്ചശേഷം, കമ്മീഷണർ, അപ്രകാരമുള്ള അവകാശവാദം സംബന്ധിച്ച് നൽകേണ്ട തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് വരവുവയ്ക്കുകയോ അപ്രകാരമുള്ള തുക ആർക്കാണോ നൽകേണ്ടത് ആ ആളിനോ, ആളുകൾക്കോ കൊടുക്കുകയോ ചെയ്യേണ്ടതും അങ്ങനെ വരവ് വയ്ക്കുകയോ കൊടുക്കുകയോ ചെയ്യുന്നതിന്മേൽ അങ്ങനെയുള്ള അവകാശവാദം സംബന്ധിച്ച് ഉടമസ്ഥനുള്ള ബാധ്യത ഇല്ലാതായിത്തീരുന്നതുമാണ്.

23. <u>ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് തുക നൽകൽ.</u>—(1) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം സംബന്ധിച്ച് തനിക്കു കിട്ടിയ തുകയിൽ നിന്നും രണ്ടാം പട്ടികയിൽ പറഞ്ഞപ്രകാരമുള്ള ബാദ്ധ്യതകൾ

കൊടുത്തുതീർത്തതിനുശേഷം ബാക്കിയുണ്ടെങ്കിൽ, കമ്മീഷണർ അങ്ങനെയുള്ള ബാക്കി തുക ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് നൽകേണ്ടതാണ്.

(2) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് (1)-ാം ഉപവകുപ്പുപ്രകാരം, ഏതെങ്കിലും തുക നൽകുന്നതിനുമുൻപ്, അങ്ങനെയുള്ള മുഴുവൻ തുകയോ, അതിന്റെ ഏതെങ്കിലും ഭാഗമോ സ്വീകരിക്കുന്നതിന് അങ്ങനെയുള്ള ആൾക്ക് അവകാശമുണ്ടെന്ന് കമ്മീഷണർ സ്വയം ബോദ്ധ്യം വരുത്തേണ്ടതും 8-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള തുക മുഴുവനായോ ഭാഗികമായോ സ്വീകരിക്കുന്നതിന് ആ ആൾക്കുള്ള അവകാശത്തെ സംബന്ധിച്ച് സംശയമോ തർക്കമോ ഉള്ള സംഗതിയിൽ, കമ്മീഷണർ അക്കാര്യം കോടതിയിലേക്ക് റഫർ ചെയ്യേണ്ടതും കോടതിയുടെ തീരുമാനമനുസരിച്ച് തുക നൽകേണ്ടതുമാണ്.

(3) ഒന്നാം പട്ടികയിലെ (3)-ാം കോളത്തിലെ ഉൾക്കുറിപ്പുകൾ പ്രസ്തുത പട്ടികയിലെ (2)-ാം കോളത്തിലെ ബന്ധപ്പെട്ട ഉൾക്കുറിപ്പുകളിൽ പറഞ്ഞിട്ടുള്ള ദുർബ്ബലാവസ്ഥയിലുള്ള സംരംഭത്തെ സംബന്ധിച്ച ഏതെങ്കിലും ആളുടെ അവകാശത്തേയും ഉടമാവകാശത്തേയും അവകാശബന്ധത്തേയും സംബന്ധിച്ച് അന്തിമമാണെന്ന് കരുതപ്പെടുന്നതല്ലെന്ന് സംശയനിവാരണാർത്ഥം ഇതിനാൽ പ്രഖ്യാപിക്കുന്നു. അങ്ങനെയുള്ള ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച ഏതെങ്കിലും ആളുടെ അവകാശവും ഉടമാവകാശവും അവകാശബന്ധവും സ്ഥാപിക്കുന്നതിന് തെളിവ് സ്വീകരിക്കാവുന്നതുമാണ്.

(4) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിലെ ഏതെങ്കിലും യന്ത്രസാമഗ്രിയോ ഉപകരണമോ മറ്റ് വസ്തുവോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കുകയും എന്നാൽ അപ്രകാരമുള്ള യന്ത്രസാമഗ്രിയോ ഉപകരണമോ മറ്റ് വസ്തുവോ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന്റെ വകയല്ലാതിരിക്കുകയും ചെയ്യുന്നപക്ഷം ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ നേരെ ഒന്നാം പട്ടികയിൽ (4)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള തുക, കമ്മീഷണർ കോടതിക്ക് റഫർ ചെയ്യുന്നതിന്മേൽ, ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥനും യന്ത്രസാമഗ്രിയുടെയോ ഉപകരണത്തിന്റെയോ മറ്റ് വസ്തുവിന്റെയോ ഉടമസ്ഥനുമായി നിശ്ചിത ദിവസത്തിൽ അങ്ങനെയുള്ള യന്ത്രസാമഗ്രിയുടെയോ ഉപകരണത്തിന്റെയോ മറ്റ് വസ്തുവിന്റെയോ മൂല്യം യഥാവിധി പരിഗണിച്ച്, കോടതിക്ക് വീതിച്ചു നൽകാവുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിൽ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച് "കോടതി" എന്നാൽ, ആദ്യ വിചാരണാധികാരമുള്ള ഏതു പ്രിൻസിപ്പൽ സിവിൽ കോടതിയുടെ അധികാരപരിധിയുടെ പ്രാദേശിക അതിർത്തിക്കുള്ളിലാണോ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം സ്ഥിതി ചെയ്യുന്നത് അങ്ങനെയുള്ള കോടതി എന്നർത്ഥമാകുന്നു.

24. കൊടുത്തുതീർക്കാത്തതോ അവകാശപ്പെടാത്തതോ ആയ തുകകൾ ജനറൽ റവന്യൂ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന്.—കമ്മീഷണറെ ഏൽപ്പിച്ചിട്ടുള്ളതും, അപ്രകാരം ഏൽപ്പിച്ച അവസാന തീയതി മുതൽ മൂന്നുവർഷത്തേയ്ക്ക് കൊടുത്ത് തീർക്കാതെയോ അവകാശപ്പെടാതെയോ അവശേഷിക്കുന്നതുമായ ഏതു പണവും കമ്മീഷണർ സർക്കാരിന്റെ ജനറൽ റവന്യൂ അക്കൗണ്ടിലേക്ക് മാറ്റേണ്ടതും എന്നാൽ അപ്രകാരം മാറ്റപ്പെട്ട ഏതെങ്കിലും പണം സംബന്ധിച്ച് അപ്രകാരം പണം കിട്ടാൻ അർഹതയുള്ള ആൾ സംസ്ഥാന സർക്കാർ മുൻപാകെ അവകാശവാദം ബോധിപ്പിക്കേണ്ടതും അങ്ങനെയുള്ള മാറ്റം നടത്തിയിട്ടില്ലായിരുന്നുവെന്നതുപോലെ അത് കൈകാര്യം ചെയ്യേണ്ടതും അവകാശപ്പെടുന്ന തുക നൽകുന്നതിനുവേണ്ടിയുള്ള ഉത്തരവ്, ഏതെങ്കിലുമുണ്ടെങ്കിൽ, അത് നികുതി തിരിച്ചുനൽകുവാനുള്ള ഒരു ഉത്തരവുപോലെ കണക്കാക്കേണ്ടതുമാണ്.

## അദ്ധ്യായം VII

## പലവക

25. ബാദ്ധ്യത ഏറ്റെടുക്കൽ.—(1) ദുർബ്ബലാവസ്ഥയിലുള്ള സംരംഭത്തിന്റെ ഏതെങ്കിലും ബാദ്ധ്യത രണ്ടാം പട്ടികയിലെ I-ാം വിഭാഗത്തിലോ, II-ാം വിഭാഗത്തിലോ, III-ാം വിഭാഗത്തിലോ, IV-ാം വിഭാഗത്തിലോ പറഞ്ഞിട്ടുള്ള എന്തെങ്കിലും ബാധ്യത ഈ ആക്റ്റ് പ്രകാരം കമ്മീഷണർക്ക് നൽകിയിട്ടുള്ള തുകയിൽനിന്നും പൂർണ്ണമായി കൊടുത്തുതീർത്തിട്ടില്ലാത്തപക്ഷം, കമ്മീഷണർ കൊടുത്തുതീർക്കാതെ ശേഷിക്കുന്ന ബാദ്ധ്യതയുടെ വിവരം സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിക്കേണ്ടതും ആ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ള ബാദ്ധ്യത പത്തുവർഷം പൂർത്തിയാകുമ്പോൾ പണമായി മാറ്റാവുന്നതും നിശ്ചിത ദിവസം മുതൽ വർഷത്തിൽ ഏഴരശതമാനം നിരക്കിൽ സാധാരണപലിശയോടുകൂടി കൈമാറ്റം ചെയ്യാവുന്നതുമായ കടപ്പത്രംവഴി തുക നൽകിക്കൊണ്ട് കൊടുത്തുതീർക്കേണ്ടതാണ്.

26. മറ്റെല്ലാ നിയമങ്ങൾക്കുമുപരി ആക്റ്റിന് പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് വിരുദ്ധമായി തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതുള്ള മറ്റ് ഏതെങ്കിലും നിയമം ഹേതുവായി പ്രാബല്യമുള്ള ഏതെങ്കിലും പ്രമാണത്തിലോ ഏതെങ്കിലും കോടതിയുടെയോ, ട്രൈബ്യൂണലിന്റെയോ, അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

27. സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ അംഗീകരിച്ചില്ലെങ്കിൽ കരാറുകൾക്ക് പ്രാബല്യം ഇല്ലാതാകുമെന്ന്.—(1) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമയോ കൈവശക്കാരനോ ഏതെങ്കിലും സേവനത്തിനോ വിൽപ്പനയ്ക്കോ വിതരണ

ത്തിനോവേണ്ടി ഏർപ്പെട്ടിട്ടുള്ളതും നിശ്ചിത ദിവസത്തിന് തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്നതുമായ ഏതൊരു കരാറും ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ നൂറ്റിഎൺപത് ദിവസം അവസാനിക്കുന്ന തീയതിയിലും അന്നു മുതൽക്കും, അപ്രകാരമുള്ള കരാർ പ്രസ്തുത കാലാവധി സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ രേഖാമൂലം അംഗീകരിക്കാത്തപക്ഷം, പ്രാബല്യത്തിലല്ലാതായിത്തീരുന്നതും, അപ്രകാരമുള്ള കരാർ അംഗീകരിക്കുന്നതിൽ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്, സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന് യുക്തമെന്ന് തോന്നാവുന്ന വ്യതിയാനങ്ങളോ രൂപഭേദപ്പെടുത്തലുകളോ, വരുത്താവുന്നതുമാകുന്നു :

എന്നാൽ അപ്രകാരമുള്ള കരാർ ദുർവഹമായിട്ടുള്ളതോ ദുരുദ്ദേശത്തോടുകൂടിയുള്ളതോ ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ താൽപര്യത്തിന് എതിരായിട്ടുള്ളതോ ആണെന്ന് സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് ബോദ്ധ്യമാകാത്തപക്ഷം അത് കരാർ അംഗീകരിക്കുവാൻ വീഴ്ച വരുത്തുകയോ അതിൽ എന്തെങ്കിലും വ്യതിയാനമോ രൂപഭേദപ്പെടുത്തലുകളോ വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ കരാറിലെ കക്ഷികൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെയും കരാർ അംഗീകരിക്കുവാൻ വിസമ്മതിക്കുകയോ അതിൽ എന്തെങ്കിലും വ്യതിയാനമോ രൂപഭേദപ്പെടുത്തലുകളോ വരുത്തുന്നതിനോ ഉള്ള അതിന്റെ കാരണങ്ങൾ രേഖാമൂലം രേഖപ്പെടുത്താതെയും ഒരു കരാർ അംഗീകരിക്കുവാൻ വിസമ്മതിക്കുകയും അതിൽ ഏതെങ്കിലും വ്യതിയാനങ്ങളോ രൂപഭേദപ്പെടുത്തലുകളോ വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

28. ശിക്ഷകൾ.—(എ) ദുർബ്ബലാവസ്ഥിയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഭാഗമായിരിക്കുന്ന ഏതെങ്കിലും സ്വത്ത് തന്റെ കൈവശത്തിലോ, സംരക്ഷണത്തിലോ, നിയന്ത്രണത്തിലോ ആയിരിക്കേ അങ്ങനെയുള്ള സ്വത്ത് അതതു സംഗതിപോലെ, സംസ്ഥാന സർക്കാരിൽനിന്നോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിൽനിന്നോ, സർക്കാരോ കോർപ്പറേഷനോ ഈ ആവശ്യത്തിനുവേണ്ടി അധികാരപ്പെടുത്തിയിട്ടുള്ള എതെങ്കിലും ആളിൽനിന്നോ അന്യായമായി തടഞ്ഞു വയ്ക്കുകയോ ; അല്ലെങ്കിൽ

(ബി) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഭാഗമായിരിക്കുന്ന ഏതെങ്കിലും സ്വത്ത് അന്യായമായി കൈവശപ്പെടുത്തുകയോ വച്ചുകൊണ്ടിരിക്കുകയോ തന്റെ കൈവശത്തിലോ സൂക്ഷിപ്പിലോ, നിയന്ത്രണത്തിലോ അങ്ങനെയുള്ള സംരംഭത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും പ്രമാണം, അതതു സംഗതിപോലെ, സംസ്ഥാന സർക്കാരിനോ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ പ്രസ്തുത സർക്കാരോ കോർപ്പറേഷനോ നിർദ്ദേശിക്കുന്ന ഏതെങ്കിലും ആൾക്കോ കൊടുക്കുന്നത് മനഃപൂർവ്വമായി തടഞ്ഞുവയ്ക്കുകയോ കൊടുക്കുവാൻ വീഴ്ചവരുത്തുകയോ അല്ലെങ്കിൽ തന്റെ സൂക്ഷിപ്പിലുള്ള ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിക്കുന്ന

എതെങ്കിലും ആസ്തിയോ, കണക്കുബുക്കുകളോ, രജിസ്റ്ററുകളോ, മറ്റു പ്രമാണങ്ങളോ, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ പ്രസ്തുത കോർപ്പറേഷൻ നിർദ്ദേശിക്കുന്ന ഏതെങ്കിലും ആൾക്കോ ഏൽപ്പിച്ചുകൊടുക്കുന്നതിൽ വീഴ്ച വരുത്തുകയോ ;

അല്ലെങ്കിൽ

(സി) ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഭാഗമായിരിക്കുന്ന ഏതെങ്കിലും സ്വത്ത് അന്യായമായി എടുത്തുമാറ്റുകയോ, നശിപ്പിക്കുകയോ അല്ലെങ്കിൽ വ്യാജമായതോ തികച്ചും കൃത്യമല്ലാത്തതോ ആണെന്ന് തനിക്ക് ബോദ്ധ്യമുള്ളതോ അല്ലെങ്കിൽ അങ്ങനെയാണെന്ന് വിശ്വസിക്കാൻ ന്യായമായ കാരണമുള്ളതോ ആയ ഏതെങ്കിലും അവകാശവാദം ഈ ആക്റ്റ് പ്രകാരം ഉന്നയിക്കുകയോ ചെയ്യുന്ന ഏതൊരാളെയും രണ്ടുവർഷംവരെയാകാവുന്ന തടവോ, പതിനായിരം രൂപവരെ പിഴയോ അല്ലെങ്കിൽ അവ രണ്ടും കൂടിയോ നൽകിയോ ശിക്ഷിക്കേണ്ടതാണ്.

29. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഒരു കമ്പനി ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തിട്ടുള്ളപക്ഷം പ്രസ്തുത കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ കാര്യാദികൾ നടത്തുന്നതിനായി അതിന്റെ ചാർജ്ജ് വഹിക്കുകയും കമ്പനിയോട് ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്ത ഏതൊരാളും, ആ കമ്പനിയും ആ കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും, അതനുസരിച്ച് നടപടി എടുത്ത് ശിക്ഷിക്കപ്പെടുന്നതിന് വിധേയനോ വിധേയമോ ആയിരിക്കുന്നതുമാകുന്നു :

എന്നാൽ കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവുകൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുവാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരിന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ കമ്പനിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ, സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ കൂടി ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ആരുടെയെങ്കിലും ഭാഗത്തുനിന്നുള്ള ഏതെങ്കിലും അശ്രദ്ധ കാരണമായുണ്ടായിട്ടുള്ളതാണെന്നോ തെളിയിക്കപ്പെടുകയും ചെയ്യുന്ന സംഗതിയിൽ, അപ്രകാരമുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ, മറ്റുദ്യോഗസ്ഥനോ ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും അയാൾക്ക് എതിരായി നടപടിയെടുക്കുന്നതിനും തദനുസരണം ശിക്ഷിക്കപ്പെടുന്നതിനും അയാൾ വിധേയനായിരിക്കുന്നതുമാണ്.

വിശദീകരണം :—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(എ) "കമ്പനി" എന്നാൽ 1956-ലെ കമ്പനീസ് ആക്റ്റിന്റെ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു കമ്പനി എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ, ഒരു സഹകരണ സംഘമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതുമാകുന്നു.

(ബി) ഒരു ഫേമിനെ സംബന്ധിച്ച "ഡയറക്ടർ" എന്നാൽ, ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

30. ഉത്തമവിശ്വാസപൂർവ്വം എടുത്തിട്ടുള്ള നടപടികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സംസ്ഥാന സർക്കാരിനോ സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തപ്പെട്ട ആളിനോ, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ ഏതെങ്കിലും സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനോ അങ്ങനെയുള്ള ഏതെങ്കിലും കോർപ്പറേഷൻ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

31. അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ.—(1) സംസ്ഥാന സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം അവർക്ക് വിനിയോഗിക്കാവുന്ന, 34-ാം വകുപ്പുപ്രകാരമുള്ള അധികാരങ്ങളല്ലാത്ത എല്ലാ അധികാരങ്ങളുമോ, അവയിൽ ഏതെങ്കിലുമോ വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഏതെങ്കിലും ആൾക്കോ, ആളുകൾക്കോ കൂടി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും അധികാരം ഏൽപ്പിച്ചുകൊടുക്കുമ്പോഴെല്ലാം, അങ്ങനെയുള്ള അധികാരം ഏൽപ്പിച്ചുകൊടുക്കപ്പെട്ട ആൾ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരവും നിയന്ത്രണത്തിലോ മേൽനോട്ടത്തിൻകീഴിലും പ്രവർത്തിക്കേണ്ടതാണ്.

32. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സംസ്ഥാന സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുവഴി അപ്രകാരമുള്ള വൈഷമ്യം നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ രണ്ടുവർഷക്കാലം അവസാനിച്ചതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

33. സംസ്ഥാനത്തിന്റെ നയം സംബന്ധിച്ച പ്രഖ്യാപനം.—ഭരണഘടനയുടെ 39-ാം അനുച്ഛേദം (ബി) ഖണ്ഡത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തത്വങ്ങൾ ഉറപ്പുവരുത്താനുള്ള സർക്കാർ നയത്തിന് പ്രാബല്യം നൽകുന്നതിനുള്ളതാണ് ഈ ആക്റ്റ് എന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

വിശദീകരണം :—ഈ വകുപ്പിൽ "സർക്കാർ" എന്നതിന് ഭരണഘടനയുടെ 12-ാം അനുച്ഛേദത്തിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

34. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി, സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ പൊതു സ്വഭാവത്തിന് ഹാനികൂടാതെയും അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാ കാര്യങ്ങൾക്കുമോ, അവയിലേതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 4-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു അറിയിപ്പ് നൽകേണ്ടത് ഏത് സമയത്തിനുള്ളിലും ഏത് രീതിയിലും ആയിരിക്കണമെന്ന് ;

(ബി) 14-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും പ്രോവിഡന്റ് ഫണ്ടിലോ, മറ്റു ഫണ്ടിലോ ഉള്ള പണം ഏതു രീതിയിൽ കൈകാര്യം ചെയ്യണമെന്ന് ;

(സി) നിർണ്ണയിക്കപ്പെടാൻ ആവശ്യപ്പെട്ടിട്ടുള്ളതോ, നിർണ്ണയിക്കപ്പെടാവുന്നതോ, ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

35. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ഓർഡിനൻസ് (2010-ലെ 9) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഒന്നാം പട്ടിക

[(ജി), 2 (ജെ), 4(5), 8 എന്നീ വകുപ്പുകൾ കാണുക]

| ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ പേര് | ഉടമസ്ഥന്റെ പേര് | തുക (രൂപ) |
|---|---|---|
| കേരള സ്പിന്നേഴ്സ് ലിമിറ്റഡ്, കോമളപുരം, ആലപ്പുഴ | കേരള സ്പിന്നേഴ്സ് ലിമിറ്റഡ്, കോമളപുരം, ആലപ്പുഴ | 454.67 ലക്ഷം (ബാദ്ധ്യതകൾ ഒഴികെ) |

## രണ്ടാം പട്ടിക

(19, 20, 21, 25 എന്നീ വകുപ്പുകൾ കാണുക)

### ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച ബാദ്ധ്യതകൾ തീർക്കുന്നതിനുള്ള മുൻഗണനാക്രമം

ഭാഗം I

വിഭാഗം I

മാനേജ്മെന്റ് ഏറ്റെടുക്കുന്നതിനുമുൻപുള്ള കാലയളവിലേക്ക് ഒരു ജീവനക്കാരന് കിട്ടേണ്ടതായ പ്രോവിഡന്റ് ഫണ്ടും ശമ്പളവും വേതനവും മറ്റു തുകകളും സംബന്ധിച്ച കുടിശ്ശികകൾ.

ഭാഗം II—മറ്റു ബാദ്ധ്യതകൾ

(എ) മാനേജ്മെന്റ് ഏറ്റെടുത്തതിനുശേഷമുള്ള കാലയളവ്

വിഭാഗം II

(എ) ഒരു ബാങ്ക് മുൻകൂറായി നൽകുന്ന വയ്പകൾ

(ബി) ബാങ്കല്ലാതെയുള്ള ഒരു സ്ഥാപനം മുൻകൂറായി നൽകുന്ന വയ്പകൾ

(സി) മറ്റേതെങ്കിലും വായ്പ

(ഡി) വ്യാപാരത്തിന്റെയോ നിർമ്മാണപ്രവർത്തനങ്ങളുടെയോ ആവശ്യങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും കടം.

വിഭാഗം III

(എ) കേന്ദ്ര സർക്കാരിനോ ഒരു സംസ്ഥാന സർക്കാരിനോ ചെല്ലേണ്ടതായ റവന്യൂവോ, നികുതികളോ, വരികളോ, നിരക്കുകളോ കിട്ടാനുള്ള മറ്റു തുകകളോ.

(ബി) കിട്ടാനുള്ള മറ്റേതെങ്കിലും തുക

(ബി) നടത്തിപ്പ് ഏറ്റെടുക്കലിന് മുൻപുള്ള കാലയളവ്

വിഭാഗം IV

ഏതെങ്കിലും ദേശസാൽകൃതബാങ്കോ പൊതു ധനകാര്യ സ്ഥാപനമോ ഈടിൻമേൽ മുൻകൂറായി നൽകിയിട്ടുള്ള/വായ്പയുടെ അസ്സൽ മുടക്കുകൾ.

വിഭാഗം V

IV-ാം വിഭാഗത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവയല്ലാത്ത, ഈടിൻമേലുള്ള വായ്പകൾ.

വിഭാഗം VI

കേന്ദ്ര ഗവൺമെന്റിനോ, സംസ്ഥാന ഗവൺമെന്റിനോ, തദ്ദേശാധികാരസ്ഥാനത്തിനോ, സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിനോ ചെല്ലേണ്ടതായ റവന്യൂവോ, നികുതികളോ, വരികളോ, നിരക്കുകളോ കിട്ടാനുള്ള മറ്റു തുകകളോ.

വിഭാഗം VII

(എ) വ്യാപാരത്തിന്റെയോ നിർമ്മാണപ്രവർത്തനങ്ങളുടെയോ ആവശ്യങ്ങൾക്കുവേണ്ടി വാങ്ങിയിട്ടുള്ള ഏതെങ്കിലും കടം.

(ബി) കിട്ടാനുള്ള മറ്റേതെങ്കിലും തുകകൾ.

വിഭാഗം VIII

ഏതെങ്കിലും ദേശസാൽകൃത ബാങ്കോ പൊതു ധനകാര്യ സ്ഥാപനമോ ഈടിൻമേൽ മുൻകൂറായി നൽകിയിട്ടുള്ള വായ്പകളുടെ പലിശ തുകകൾ.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് ലിമിറ്റഡ് ആലപ്പുഴയിലെ കോമളപുരത്ത് 1964 ജനുവരി 2-ാം തീയതി രൂപീകരിച്ച ഒരു തുണി മില്ലാണ്. ആയതിൽ 1969 ആഗസ്റ്റ് 4-ാം തീയതി നിർമ്മാണ പ്രക്രിയ ആരംഭിക്കുകയുണ്ടായി. ആദ്യകാലയളവിൽ കമ്പനി ലാഭത്തിൽ പ്രവർത്തിച്ചുവന്നിരുന്നുവെങ്കിലും അതിനുശേഷം ദുർഭരണവും അശ്രദ്ധയും കാരണം കമ്പനിയുടെ ലാഭം കുറയുകയും 2003 മാർച്ച് 23-ാം തീയതി കമ്പനി പൂട്ടുകയും ചെയ്തു. അതുകാരണം 500 തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവനോപാധി ഹാനികരമായി ബാധിക്കപ്പെടുകയും അവർ ദാരിദ്ര്യത്തിൽ അകപ്പെടുകയും ചെയ്തു. 2006 സെപ്തംബർ 7-ാം തീയതി ബോർഡ് ഫോർ ഇൻഡസ്ട്രീയൽ ആന്റ് ഫിനാൻഷ്യൽ റീകൺസ്ട്രക്ഷൻ പ്രസ്തുത കമ്പനിയെ ദുർബ്ബലാവസ്ഥയി

ലുള്ള സംരംഭമായി പ്രഖ്യാപിക്കുകയും ഇൻഡ്യൻ ഓവർസീസ് ബാങ്കിനെ ഓപ്പറേറ്റിംഗ് അതോറിറ്റിയായി നിയമിക്കുകയും അവരോട് 2006 ഡിസംബർ 31-ാം തീയതിക്കുമുൻപ് കരട് പുനരധിവാസ സ്കീം സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ അങ്ങനെ ചെയ്യുന്നതിൽ ഓപ്പറേറ്റിംഗ് അതോറിറ്റി വീഴ്ച വരുത്തി.

കേരള സ്പിന്നേഴ്സ് ലിമിറ്റഡിന്റെ സംഗതിയിൽ ഒരു പരിഹാരം ഉണ്ടാക്കുന്ന തിനും പുതിയ വ്യവസായ സംരംഭങ്ങൾ മുഖേന കമ്പനിയെ പുനരുദ്ധരിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കുന്നതിനുമായി സർക്കാർ കമ്പനി യുടെ മാനേജ്മെന്റും ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നിരവധി യോഗങ്ങൾ വിളിച്ചുകൂട്ടി. എന്നാൽ മാനേജ്മെന്റിന്റെയും കമ്പനിയുടെയും വൈരുദ്ധ്യ മനോഭാവംമൂലം ഒരു പ്രായോഗിക പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞില്ല. പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ ശ്രമങ്ങളുമായി മില്ലിന്റെ മാനേജ്മെന്റ് സഹകരിച്ചില്ല. പാവപ്പെട്ട തൊഴിലാളികളുടെ നഷ്ടത്തിൽ പ്രശ്നം നീട്ടിക്കൊണ്ടുപോകാനും പരിഹരിക്കപ്പെടാ തിരിക്കുവാനും അവർ ശ്രമിച്ചുകൊണ്ടിരിന്നു.

കേരള സ്പിന്നേഴ്സ് ലിമിറ്റഡ് മാനേജ്മെന്റിന്റെ വഴങ്ങാത്ത മാനോഭാവത്താൽ ആറുവർഷമായി യാതൊരു വരുമാനവുമില്ലാതെ കഷ്ടപ്പെട്ടിരുന്ന തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായും സംസ്ഥാനത്തിന്റെ ഒരു വ്യവസായം രക്ഷിക്കുന്നതി നുമായി കമ്പനി ഏറ്റെടുക്കുന്നത് ആവശ്യമാണെന്ന് സർക്കാർ തീരുമാനിച്ചു.

സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും മേൽപ്പറഞ്ഞ നിർദ്ദേശം ഉടനടി പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതിനാലും 2009 നവംബർ 17-ാം തീയതി കേരള ഗവർണ്ണർ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ഓർഡിനൻസ് (2009-ലെ 24-ാം നമ്പർ ഓർഡിനൻസ്) ആയി വിളംബരപ്പെടു ത്തുകയുമുണ്ടായി.

2009 ഡിസംബർ 29-ാം തീയതി കൂടിയ കേരള നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനുപകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2010 ജനുവരി 29-ാം തീയതി കേരള ഗവർണ്ണർ 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ഓർഡിനൻസ് (2010-ലെ 9-ാം നമ്പർ ഓർഡിനൻസ്) വിളംബരപ്പെടുത്തി.

പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിന്റെ 3(1)-ാം ഖണ്ഡം, നിശ്ചിത ദിവസം അതായത് 2006 സെപ്റ്റംബർ 7 ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം, അപ്രകാരം ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെ സംബന്ധിച്ച് ഉടമയുടെ അവകാശവും ഉടമാവകാശവും അവകാശബന്ധവും ഈ ബില്ല് ഹേതുവായി സംസ്ഥാന സർക്കാരിന് കൈമാറ്റപ്പെടുകയും സർക്കാരിൽ പൂർണ്ണമായി നിക്ഷിപ്തമാക്കുന്നതിനും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിക്കുന്നു. അപ്രകാരം നിക്ഷിപ്തമാക്കിയതിനുശേഷം ഉടൻതന്നെ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനും നിക്ഷിപ്തമാക്കുന്നതിനും 3 (2)-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

ബില്ലിലെ 8-ാം ഖണ്ഡം, 1-ാം പട്ടികയിലെ 4-ാം കോളത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന തുകയ്ക്ക് തുല്യമായ തുകയായ 454.67 ലക്ഷം രൂപ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങളുടെ ഉടമകൾക്ക് തുക പണമായും ബില്ലിലെ VI-ാം അദ്ധ്യായത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന രീതിയിലും നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിക്കുന്നു. മേൽപറഞ്ഞത് കൂടാതെ, ബില്ലിലെ 8(2)-ാം ഖണ്ഡം, നിശ്ചിത ദിവസമായ 2009 സെപ്റ്റംബർ മാസം 7-ാം തീയതി ആരംഭിച്ച് അപ്രകാരമുള്ള മേൽപ്പറഞ്ഞ തുക നൽകുന്ന ദിവസം വരെയുള്ള കാലയളവിലേക്ക് പ്രതിവർഷം നാല് ശതമാനം നിരക്കിലുള്ള സാധാരണ പലിശ സംസ്ഥാന സർക്കാർ നൽകുവാൻ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിക്കുന്നു.

ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് നൽകാനുള്ള തുകകൾ വിതരണം ചെയ്യുന്നതിനായി പേയ്മെന്റ് കമ്മീഷണറെ നിയമിക്കുന്നതിന് ബില്ലിലെ VI-ാം അദ്ധ്യായം കൊണ്ടുദ്ദേശിക്കുന്നു. ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം സംബന്ധിച്ച് കമ്മീഷണർക്ക് കിട്ടിയ തുകയിൽനിന്നും 2-ാം പട്ടികയിൽ പറഞ്ഞ പ്രകാരമുള്ള ബാദ്ധ്യതകൾ കൊടുത്തു തീർത്തതിനുശേഷം ബാക്കിയുണ്ടെങ്കിൽ കമ്മീഷണർ അങ്ങനെയുള്ള ബാക്കി തുക ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് നൽകേണ്ടതാണ്. 2003-04-ൽ അവസാനിച്ച വർഷത്തെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് അടിസ്ഥാനമാക്കി 2009 മാർച്ച് 31 കണക്കാക്കി രണ്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ളത് ആകെ 1559.16 ലക്ഷം രൂപയാണ്. ഉടമസ്ഥന് നൽകേണ്ട തുകയായ 454.67 ലക്ഷം രൂപയേക്കാൾ, കൂടുതൽ കണക്കാക്കിയിട്ടുള്ള ബാദ്ധ്യതയായ ഈ തുക 1559.16 ലക്ഷം രൂപ ആയതിനാൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും ഒരു തുകയുംതന്നെ നൽകേണ്ടത് ആവശ്യമായി കാണുന്നില്ല.

രണ്ടാം പട്ടികയിലെ 1-ാം വിഭാഗത്തിലോ, II-ാം വിഭാഗത്തിലോ, III-ാം വിഭാഗത്തിലോ, IV-ാം വിഭാഗത്തിലോ പറഞ്ഞിട്ടുള്ള ഏതെങ്കിലും അവകാശവാദത്തിൽനിന്ന് ഉണ്ടാകുന്ന ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഏതെങ്കിലും ബാദ്ധ്യത ഈ ബിൽ പ്രകാരം കമ്മീഷണർക്ക് നൽകിയിട്ടുള്ള തുകയിൽ നിന്നും അദ്ദേഹം പൂർണ്ണമായും കൊടുത്തുതീർത്തിട്ടില്ലാത്തപക്ഷം, കമ്മീഷണർ, കൊടുത്തുതീർക്കാതെ ശേഷിക്കുന്ന ബാദ്ധ്യതയുടെ വ്യാപ്തി സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിക്കേണ്ടതും ആ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതുമാണെന്ന് ഈ ബില്ലിലെ 25-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. ഈ ബില്ലിലെ 25(1)-ാം ഖണ്ഡം അങ്ങനെയെടുത്ത ബാദ്ധ്യത പത്ത് വർഷം പൂർത്തിയാകുമ്പോൾ പണമായി മാറ്റാവു

ന്നതും നിശ്ചിത ദിവസം മുതൽ അതായത് 2006 സെപ്റ്റംബർ 7-ാം തീയതി മുതൽ വർഷത്തിൽ ഏഴരശതമാനം നിരക്കിൽ സാധാരണ പലിശയോടുകൂടി കൈമാറ്റം ചെയ്യാവുന്ന കടപ്പത്രംവഴി ബാദ്ധ്യത തുക നൽകിക്കൊണ്ട് കൊടുത്തുതീർക്കേണ്ട തുമാണെന്ന് 25(2)-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

മേൽപറഞ്ഞ ഇനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും വഹിക്കേണ്ടതായിട്ടുള്ള യഥാർത്ഥ ചെലവ്, ഇപ്പോൾ മുൻകൂട്ടി പറയാൻ നിവർത്തിയില്ലാത്ത, കൊടുത്തുതീർക്കാത്ത ബാദ്ധ്യതയുടെ തുകയെ ആശ്രയിച്ചിരിക്കുമെന്നതുകൊണ്ട്, കൃത്യമായി ഇപ്പോൾ കണക്കാക്കുവാൻ കഴിയുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനംമൂലം ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയുടെ ആവശ്യത്തിലേക്ക് നിർദ്ദിഷ്ട തീയതിയായി ഒരു തീയതി നിശ്ചയിക്കുന്നതിനും ആക്റ്റിലെ വിവിധ വ്യവസ്ഥകൾക്ക് വിവിധ തീയതികൾ നിശ്ചയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിനെ 2-ാം ഖണ്ഡം (എച്ച്) ഉപഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

2. ആക്റ്റ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഏതെങ്കിലും വസ്തുവിന്റെ ഏതൊരു പണയക്കാരനും അപ്രകാരമുള്ള ഏതെങ്കിലും വസ്തുവിലോ അതിനോടനുബന്ധിച്ചോ ഏതെങ്കിലും ചാർജ്ജോ, അവകാശമോ, മറ്റ് അധികാരമോ ഉള്ള ഏതൊരാളും അപ്രകാരമുള്ള പണയത്തെയോ, ചാർജ്ജിനെയോ, അവകാശത്തെയോ അല്ലെങ്കിൽ മറ്റു അവകാശബന്ധത്തെയോ സംബന്ധിച്ചുള്ള അറിയിപ്പ് കമ്മീഷണർക്ക് ഏത് സമയത്തിനുള്ളിലും ഏത് രീതിയലുമാണ് നൽകേണ്ടതെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ബില്ലിലെ 4-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം.

3. 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറ്റം ചെയ്യപ്പെട്ട പണം, കോർപ്പറേഷൻ എങ്ങനെയാണ് വിനിയോഗിക്കേണ്ടതെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ബില്ലിലെ 14-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം.

4. ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമയ്ക്ക് കൊടുക്കേണ്ട തുക വിതരണം ചെയ്യുന്നതിനുവേണ്ടി, ഗസറ്റ് വിജ്ഞാപനംവഴി പേമെന്റ് കമ്മീഷണറെ നിയമിക്കുന്നതിനും ശമ്പളവും ബത്തകളും നൽകുന്നതിനും സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 16-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ഗസറ്റ് വിജ്ഞാപനംവഴി, ആക്റ്റിലെ 34-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ ഒഴികെ ആക്റ്റ് പ്രകാരം സർക്കാരിന് വിനിയോഗിക്കാവുന്ന എല്ലാ അധികാരങ്ങളുമോ അഥവാ ഏതെങ്കിലും അധികാരമോ വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന ആളിനോ ആളുകൾക്കോകൂടി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ, ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ബില്ലിലെ 31-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം.

6. ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുമ്പോൾ ഉണ്ടാകാവുന്ന ഏതെങ്കിലും പ്രയാസങ്ങൾ നീക്കുന്നതിനുവേണ്ടി, ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധ മല്ലാത്ത, ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 32-ാം ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

7. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി, ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ബില്ലിലെ 34-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം.

8. ഏതെല്ലാം കാര്യങ്ങൾ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കുകയോ ചട്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്യാവുന്നത് അവ സാധാരണവും ഭരണ പരവുമായ സ്വഭാവത്തിലുള്ളവയാണ്. മാത്രമല്ല ചട്ടങ്ങൾ അവ ഉണ്ടാക്കിയശേഷം നിയമ സഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

എളമരം കരീം

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ബില്ലിൽ ഉപയോഗിച്ചിരിക്കുന്ന ചില വാക്കുകളും, പ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമകളുടെ അവകാശങ്ങൾ സർക്കാർ വിലയ്ക്കെടുക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭം സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിന്റേയും നിക്ഷിപ്തമാക്കപ്പെടുന്നതിന്റേയും സാമാന്യ ഫലം വിവരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—ചില മുൻബാദ്ധ്യതകൾക്ക് ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥൻ ബാദ്ധ്യസ്ഥനാണെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് സബ്സിഡിയറി കോർപ്പറേഷനുകൾ രൂപീകരിക്കാമെന്ന് വ്യവസ്ഥ ചെയ്യുവാനും രേഖാമൂലമുള്ള ഉത്തരവുവഴി ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തെയോ അതിന്റെ ഭാഗത്തേയോ ഒരു സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനിലേക്ക് കൈമാറ്റം ചെയ്യുവാനും മറ്റും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—സംസ്ഥാന സർക്കാർ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറ്റം ചെയ്ത ആസ്തികളുടെ വിലയ്ക്ക് അത് ഓഹരികൾ പുറപ്പെടുവിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമകൾക്ക് അവരുടെ അവകാശം സർക്കാരിന് കൈമാറ്റം ചെയ്യുന്നതിന് ഒരു തുക നൽകുവാൻ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

9-ാം ഖണ്ഡം.—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന് 8-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള തുകയ്ക്ക് പുറമേ വീണ്ടും തുക കൊടുക്കാൻ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ നടത്തിപ്പ് മുതലായവ സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ നടത്തിപ്പിന്റെ ചുമതല വഹിക്കുന്ന ആളുകൾ അവരുടെ കൈവശമുള്ള ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ മുഴുവൻ ആസ്തികൾ മുതലായവ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വിട്ടുകൊടുക്കാൻ ബാദ്ധ്യസ്ഥരാക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ 1956-ലെ കമ്പനി നിയമത്തിലെ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളനുസരിച്ച് ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ കണക്കുകൾ സൂക്ഷിക്കണം എന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിലെ ചില ജീവനക്കാർ ജോലിയിൽ തുടരുമെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിലെ ജീവനക്കാരായ ആളുകളുടെ ഗുണത്തിനായി പ്രോവിഡന്റ് ഫണ്ടോ മറ്റു ഫണ്ടുകളോ ഏർപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യുവാൻ ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

15-ാം ഖണ്ഡം.—സബ്സിഡിയറി കോർപ്പറേഷന് തൊഴിലാളികളെ കൈമാറുന്നതു സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

16-ാം ഖണ്ഡം.—പേയ്മെന്റ് കമ്മീഷണറുടെ നിയമനം സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—കമ്മീഷണർക്ക് സംസ്ഥാന സർക്കാർ പണം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—അവകാശവാദങ്ങൾ കമ്മീഷണറുടെ മുൻപാകെ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—അവകാശവാദങ്ങളുടെ മുൻഗണന തീരുമാനിക്കുന്നതിനുള്ള കാര്യങ്ങൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

20-ാം ഖണ്ഡം.—അവകാശവാദങ്ങളുടെ പരിശോധന സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

21-ാം ഖണ്ഡം.—അവകാശവാദങ്ങൾ അനുവദിക്കലും നിരസിക്കലും സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

22-ാം ഖണ്ഡം.—അവകാശവാദികൾക്ക് കമ്മീഷണർ തുക നൽകുന്നത് സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—ദുർബ്ബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭത്തിന്റെ ഉടമസ്ഥന് തുക നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—കൊടുത്തു തീർക്കാത്തതോ അവകാശപ്പെടാത്തതോ ആയ തുകകൾ ജനറൽ റവന്യൂ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—ദുർബ്ബലാവസ്ഥയിലുള്ള സംരംഭത്തിന്റെ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—മറ്റെല്ലാ നിയമങ്ങൾക്കുമുപരി ആക്റ്റിന് പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ അംഗീകരിച്ചില്ലെങ്കിൽ കരാറുകൾക്ക് പ്രാബല്യം ഇല്ലാതാകുമെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—കുറ്റങ്ങൾക്കും വ്യവസ്ഥകളുടെ ലംഘനത്തിനും ശിക്ഷ സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—കമ്പനികൾ ചെയ്യുന്ന കുറ്റങ്ങളിൽ നടപടിയും ശിക്ഷയും വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

30-ാം ഖണ്ഡം.—ഈ ആക്റ്റ് പ്രകാരം സംസ്ഥാന സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തപ്പെട്ട ആളോ, സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനോ, ഏതെങ്കിലും സബ്സിഡിയറി ടെക്സ്റ്റൈൽ കോർപ്പറേഷനോ അങ്ങനെയുള്ള ഏതെങ്കിലും കോർപ്പറേഷൻ അധികാരപ്പെടുത്തിയ ആളോ, ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

31-ാം ഖണ്ഡം.—സംസ്ഥാന സർക്കാരിന് ഈ ആക്റ്റ് പ്രകാരം വിനിയോഗിക്കാവുന്ന എല്ലാ അധികാരങ്ങളുമോ അവയിൽ ഏതെങ്കിലുമോ ഗസറ്റിൽ വിജ്ഞാപനംവഴി ഏതെങ്കിലും ആൾക്കോ ആളുകൾക്കോ നൽകാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ഏതെങ്കിലും വൈഷമ്യം ഉണ്ടായാൽ അത് നീക്കം ചെയ്യുന്നതിന് ഈ ആക്റ്റിന് വിരുദ്ധമല്ലാത്ത ഏത് നടപടിയും ഉത്തരവുമൂലം ചെയ്യാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം.—സംസ്ഥാനത്തിന്റെ നയം സംബന്ധിച്ച പ്രഖ്യാപനം വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—2010-ലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ഓർഡിനൻസ് (2010-ലെ 9) റദ്ദാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.